

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.പി.കെ.ഡി.
പി.18/1673/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/12/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.പി.കെ.ഡി.
പി.18/1673/24

തീയ്യതി: 07/12/2024

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-11-2023 മുതൽ 06-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വി.പി. ഷോബി	ഡെപ്യൂട്ടി ഡയറക്ടർ	07-11-2024	16-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-11-2024	16-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുലൈമാൻ. ഐ ഓഡിറ്റ് ഓഫീസർ
രാമകൃഷ്ണൻ. കെ.പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജേശ്വരി. സി സീനിയർ ഗ്രേഡ് ഓഡിറ്റർ
സംഗീത്. പി ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പ്രിൻസ് ജോസഫ്	പ്രസിഡന്റ്	01-04-2023	31-03-2024

ശ്രീ.ദീപംഘർ.സി.പി	സെക്രട്ടറി	01-04-2023	05-07-2023
ശ്രീ.സുരേഷ് കുമാർ.എസ്.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-07-2023	03-08-2023
ശ്രീ.കിൻസ് ബോയ്.ടി	സെക്രട്ടറി	04-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയ (മുത
ഡോ.കിഷോർ മാത്യൂ	വെറ്റിനറി സർജ്ജൻ	01-0 202
ഡോ.ഗീതാഞ്ജലി രാമചന്ദ്രൻ	വെറ്റിനറി സർജ്ജൻ	19-0 202
ശ്രീ.രഞ്ജിഷ.കെ	വി.ഇ.ഒ	01-0 202
ശ്രീ.ഷിജു.സി	വി.ഇ.ഒ	21-0 202
ശ്രീമതി.രവികല	വി.ഇ.ഒ	12-0 202
ശ്രീ.പ്രദീപ്	വി.ഇ.ഒ	23-0 202
ശ്രീ.രാഹുൽ.സി	വി.ഇ.ഒ	18-1 202
ശ്രീ.മുഹമ്മദ് അഷറഫ്.പി	ഹെഡ് മാസ്റ്റർ	01-0 202
ശ്രീ.മുഹമ്മക്കുട്ടി	ഹെഡ് മാസ്റ്റർ	04-0 202
ശ്രീമതി.താജുമ്മ.കെ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-0 202
ശ്രീ.അനൂപ്.കെ.എം	അസിസ്റ്റന്റ് എഞ്ചിനീയർ	01-0 202
ശ്രീ.ഫാസിൽ.പി.എ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-0 202

ഡോ.ആനന്ദ്.ടി.ജി	മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	01-0 202
ഡോ.വാണി ചന്ദ്രശേഖർ	മെഡിക്കൽ ഓഫീസർ-ഹോമിയോ	01-0 202
ഡോ.റിയാസ്.വൈ	മെഡിക്കൽ ഓഫീസർ-ഹോമിയോ	19-0 202
ഡോ.വാണി ചന്ദ്രശേഖർ	മെഡിക്കൽ ഓഫീസർ-ഹോമിയോ	26-0 202
ഡോ.റിയാസ്.വൈ	മെഡിക്കൽ ഓഫീസർ-ഹോമിയോ	25-0 202
ഡോ.വാണി ചന്ദ്രശേഖർ	മെഡിക്കൽ ഓഫീസർ-ഹോമിയോ	12-0 202
ഡോ.ശ്രീവിലാസ്	മെഡിക്കൽ ഓഫീസർ-ഹോമിയോ	24-0 202
ഡോ.ജെനിൻ ജോസഫ്	മെഡിക്കൽ ഓഫീസർ-ആയൂർവേദം	01-0 202
ഡോ.രാഗേഷ്.ആർ	മെഡിക്കൽ ഓഫീസർ-ആയൂർവേദം	16-1 202
ശ്രീ.സുരേഷ് കുമാർ.എസ്.എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-0 202
ശ്രീ.സജീവ്.ജി	അസിസ്റ്റന്റ് സെക്രട്ടറി	02-0 202

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് - അപാകത	1-1-2
4	സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.	1-1-3
5	ലൈഫ് വായ്പ എടുക്കാതെ വായ്പാ തിരിച്ചടവ് കുറവ് ചെയ്തിരിക്കുന്നു	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
8	ഫണ്ട് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമ പദ്ധതികൾ	1-7
12	ക്യാഷ് ബാലൻസ് പരിശോധന	1 - 8
13	ആഭ്യന്തര നിയന്ത്രണം	1-9
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
15	വസ്തുനികുതി പരിഷ്ക്കരണം ഫീൽഡ്തല പരിശോധന പൂർത്തീകരിച്ചിട്ടില്ല	1-11
16	തൊഴിൽനികുതി പരിശോധനയിൽ കണ്ട അപാകതകൾ	1-12
17	വാടക പിരിവ് പരിശോധനയിൽ കണ്ട അപാകതകൾ	1-13
18	ഇ-ടെണ്ടർ വരവ് ഗ്രാമപഞ്ചായത്തിന്റെ മുതൽക്കൂട്ടിയിട്ടില്ല	1-14
19	പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്-ഗുണഭോക്തൃ വിഹിതം വകയിരുത്തിയിട്ടില്ല	1-15

20	സംയുക്ത പ്രോജക്ട് തുകകൾ വകമാറ്റി ചെലവഴിച്ചു- നീക്കിയിരിപ്പിൽ തുകകൾ അവശേഷിക്കുന്നു.	1-16
21	ലൈഫ് ഭവന നിർമ്മാണ പദ്ധതി- വായ്പയെടുക്കാതെ സ്രോതസ്സിൽനിന്നും തുക കുറവ് ചെയ്തിരിക്കുന്നു	1-17
22	എ.ബി.സി പദ്ധതി വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-18
23	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-19
24	ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ	1-20
25	ആവർത്തന ചെലവുകൾ - പദ്ധതി ചെലവു രേഖകൾ ഹാജരാക്കിയില്ല	1-21
26	കാലാവധി കഴിഞ്ഞതിനാൽ ലക്ഷങ്ങൾ വിലയുള്ള ഹോമിയോ മരുന്നുകൾ ഉപയോഗശൂന്യമായി	1-22
27	വീട് വാസയോഗ്യമാക്കൽ - പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്	1-23
28	പൊതുമരാമത്ത് പ്രവർത്തികൾ ഇൻഷൂർ ചെയ്യുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല	1-24
29	ലൈഫ് മിഷൻ ഭവന നിർമ്മാണം - ടി.എസ്.പി	1-25
30	ടേക്ക് എ ബ്രേക്ക് കെട്ടിടം -ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല	1-26
31	സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല	1-27
32	പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം	1-28
33	ഹെൽത്ത് ഗ്രാന്റ് വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്	1-29
34	പ്രോജക്ട് നം.134/24-ചന്ദ്രാമല 6 നമ്പർ പാടി ഡ്രൈനേജ് നവീകരണം	1-30

35	സ്റ്റിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല	1-31
36	സിഡ്കോ മുഖേന ഫർണിച്ചർ വാങ്ങൽ - നിബന്ധനകൾ പാലിച്ചില്ല	1-32
37	ആസ്തി സംരക്ഷണ പദ്ധതി, റോഡ് കണക്റ്റിവിറ്റി മാപ്പ്, മാസ്റ്റർ ഡ്രെനേജ് പദ്ധതി, അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി എന്നിവ തയ്യാറാക്കുന്നത് സംബന്ധിച്ച്	1-33
38	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ	1-34

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ.	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	വാർഷിക കണക്കുകൾ - സംക്ഷിപ്തം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസ
പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്
തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെ
പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെ
ഭരണസമിതിയുടെ 18.06.24 തീയതിയിലെ 2(1) നം. തീരുമാനം
തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷ
അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തി
പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്
ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓ
11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന ന
ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ
പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാ
വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത്
മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡി
അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റ
രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള
അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞ
നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപ
മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ
നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർ
വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന
തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ
പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സ
വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അ
ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ
റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയ
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡി

ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെ

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീ നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർ ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തി ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,

തീയതി: 7-12-2024.

1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രി കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പ ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.
എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെ കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങി
ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് - അപാകത

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന പൊരുത്തപ്പെടുന്നില്ല.

1-1-3 സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് പൊരു

ബ്ലോക്ക് പഞ്ചായത്ത് വിഹിതം B-4 ൽ നീക്കീയിരിപ്പ് തുക മുൻ വ ചെലവഴിച്ചതിനാൽ B-17 ൽ നീക്കിയിരിപ്പ് ഇല്ല

1-1-4 ലൈഫ് വായ്പ എടുക്കാതെ വായ്പാ തിരിച്ചടവ് കുറ

ലൈഫ് വായ്പ എടുക്കാതെ വായ്പാ തിരിച്ചടവ് ആയി 1,408,923.00 രൂ
ചെയ്തിരിക്കുന്നു

1-2 ബജറ്റ്

25.03.2023 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2023-24 വർഷ
09.02.2024 ലെ 4(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അ
ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു

ഇനം	തുക
മുന്നിരിപ്പ്	-4836789
വരവ്	186350000
ആകെ	181513211
ചെലവ്	180408000
നീക്കിയിരുപ്പ്	1105211

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് ര

മുന്നിരിപ്പ്	57171541 രൂപ
വരവ്	34164400 രൂപ
ആകെ	91335941 രൂപ
ചെലവ്	18191343 രൂപ
നീക്കിയിരിപ്പ്	73144598 രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്/ അലോട്ടുമെന്റ്	ആകെ
വികസന ഫണ്ട്-ജനറൽ	0	60703921	60703921
വികസന ഫണ്ട്-എസ്.സി.പി	0	11950673	11950673
വികസന ഫണ്ട്-ടി എസ് പി	0	2015000	2015000
മെയിന്റനൻസ്, ഗ്രാന്റ് റോഡ്	0	465350	465350

മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ്	0	1426000	1426000
CFC ഗ്രാന്റ് (Tied Bank)	29224110	7966500	3719061(
CFC ഗ്രാന്റ് (Un Tied Bank)	14600562	12177583	2677814:
ശുചിത്വ മിഷൻ	678,978	8180	687158

കേന്ദ്രാവിഷ്കൃതം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്/ അലോട്ട്മെന്റ്	ആകെ	ച
ഹെൽത്ത് ഗ്രാന്റ്(Diagnostic Infrastructure)	239,604	524009	763613	52
ഹെൽത്ത് ഗ്രാന്റ്(Wellness Centres)	15,005	243504	258509	45
ഹെൽത്ത് ഗ്രാന്റ്(Buildingless Subcentres PHCs And CHCs)	0	3614293	3614293	71
ICDS	3816341	432826	4249167	0
തൊഴിലുറപ്പു പദ്ധതി	61933	9489754	9551687	95

പ്രത്യേക ഉദ്ദേശഗ്രാന്റ്

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ
Literacy Scheme Grant	22,367	6446	28813	28813
Grant For Solid Waste Management	1200000	0	1200000	0
State Sponsored Scheme Funds - Other Purposes	49,879	0	49,879	0
AgenciesOther Government	361,444	0	361,444	0
Other Grants, Funds & Contributions	181,549	0	181,549	0

For Specific Purposes - Capital					

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയത ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്	നട
179	150874462	87	51894919	0	92

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശ

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	6 ര
വെറ്ററിനറി സർജ്ജൻ	8	6	9375520	4
മെഡിക്കൽ ഓഫീസർ ഹോമിയോ	5	4	260000	1
മെഡിക്കൽ ഓഫീസർ- PHC	10	9	2363660	1
മെഡിക്കൽ ഓഫീസർ ആയുർവേദം	2	2	632359	3
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	13	4	66695542	3
ഐ.സി.ഡി.എസ് സൂപ്പർവൈസർ	11	3	4460220	9
സെക്രട്ടറി	34	24	12890859	9
അസിസ്റ്റന്റ് എഞ്ചിനിയർ	79	23	48426928	6

ഹെഡ്മാസ്റ്റർ	4	4	1843620	3
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	1100000	4
അസിസ്റ്റന്റ് സെക്രട്ടറി	11	6	2825754	5
ആകെ	179	87	150874462	5

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെ
ഭരണചെലവുകൾ	61933	772573	834506	8332
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	8717181	8717181	8717
ആകെ	61933	9489754	9551687	9550

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധത താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോ എണ്ണം
വിധവാ പെൻഷൻ	2838400	253
വാർദ്ധക്യകാല പെൻഷൻ	5859600	550
വികലാംഗ പെൻഷൻ	673400	59
50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	11200	1

1 - 8 ക്യാഷ് ബാലൻസ് പരിശോധന

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാ പരിശോധന 13.11.2024 തീയതിയിൽ 2.30 PM ന് അക്കൗണ

നടത്തുകയുണ്ടായി. 5313 രൂപയുടെ (അയ്യായിരത്തി മുന്നൂറ്റി പത
ക്യത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്ത
നൽകിയിട്ടുണ്ട്. ബജറ്റ് നടപടിക്രമങ്ങളിൽ വേണ്ടത്ര കാര്യ
നികുതി, നികുതിയേതര വരുമാനം കുറവുള്ള
വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ധനകാ
ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും രേഖകളുടെ പരിശോധന
കുടിശ്ശിക പിരിച്ചെടുക്കുന്നതിലും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല.
കുടിവെള്ള പദ്ധതികൾ കയ്യൊഴിക്കുന്നതിനുള്ള ശ്രമം നടത
ബാധ്യത സൃഷ്ടിക്കുന്നുണ്ട്. തെരുവു വിളക്കുകളുടെ
പരിഹരിക്കുന്നതിനുള്ള ശ്രമവും ഉണ്ടായിട്ടില്ല.
പ്രത്യേക ഉദ്ദേശ്യത്തോടെ ലഭ്യമായ ഫണ്ടുകളിൽ ബ
ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.
ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ഉ
ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.
2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുക
ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമ
നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.
ടേക്ക് ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട ന
ഇക്കാര്യത്തിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

4/2013 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2008-
വർഷങ്ങളിലെ കണക്കുകൾ ആണ് പരിശോധിച്ചിട്ടുള്ള
പരാമർശങ്ങൾ ഒന്നുമില്ല. പെർഫോമൻസ് ഓഡിറ്റ് 12/22
പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്

1-11 വസ്തുനികുതി പരിഷ്ക്കരണം ഫീൽഡ്തല പരിശോ

22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാ
നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുന
മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത
നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ്

വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്ര
കെട്ടിടങ്ങൾ, വഴി സൗകര്യത്തിൽ വന്ന വ്യത്യാസങ്ങൾ എന്നിവ
മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണ
സർക്കാർ നിർദ്ദേശാനുസരണം മേൽ പരിശോധന/വിവരശേഖ
ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള അപേക്ഷ
നിയമിക്കുകയോ ചെയ്തിട്ടുണ്ടോ, വാർഡ് തലത്തിൽ
ആരംഭിച്ചിട്ടുണ്ടോ എന്ന വിവരവും അറിയിക്കണമെന്ന് ആ
എൻകുയറി (13/ 12-11-2024) നൽകിയിരുന്നു.
ഓഡിറ്റ് അന്വേഷത്തിനു മറുപടിയായി സർക്കാർ ന
ശേഖരണത്തിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ
ക്ഷണിച്ചു കൊണ്ട് 22/06/2023 ന് പത്രപരസ്യം നൽകിയെ
യോഗ്യതയുള്ള ആരും തന്നെ ഹാജരായില്ലെന്നും ആയതിന
ഓഫീസർ, RI സെൻറർ , ITI മലമ്പുഴയ്ക്ക് യോഗ്യരായ
ലഭ്യമാക്കുന്നതിനായി കത്ത് നൽകിയെന്നും ആയത് ലഭ്യമാക
സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട് .
ഫീൽഡ് തല പരിശോധന പൂർത്തിയാക്കി വസ്തു നികു
അറിയിക്കേണ്ടതാണ്.

1-12 തൊഴിൽനികുതി പരിശോധനയിൽ കണ്ട അപാ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996
(തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത്
കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും
സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ചുമത്തേ
തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശേ
ചുവടെ ചേർക്കുന്നു.
1. തൊഴിൽ നികുതി രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യ
2. തൻ വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താ
ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി

ക്രമ നം	സ്ഥാപനം	അർഹവാർ
1	മരിയ എസ്റ്റേറ്റ്	1
2	കാരപ്പാറ എസ്റ്റേറ്റ്	1

3. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ
നികുതി ഈടാക്കിയിട്ടില്ല.

തൻ വർഷം സ്വീകരിച്ച അപേക്ഷകളിൽ തൊഴിലാളികളുടെ എ
എണ്ണത്തിന് അനുസരിച്ച് ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഇ
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	രജിസ്റ്റർ പ്രകാരം ക്രമ നം.	സ്ഥാപനം	കെട്ടിട നം	തൊഴിലാള് കളുടെ എണ്ണം
1	01	മണലാരൂ ടീ ഫാക്ടറി	13/85	120
2	4	കൈലാസ് എസ്റ്റേറ്റ് റിസോർട്ട്	04/124	02
3	5	കൈലാസ് എസ്റ്റേറ്റ് റെസ്റ്റോറന്റ്	04/125	02
4	59	റെസ്റ്റോറന്റ് മിസ്റ്റി വാലി സലിം ടി എച്ച്	03/48	13

4. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി

എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2023-24 പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന കരാറു സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല . ഏ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	2023-24 സാമ്പത്തിക വർഷത ഗ്രാമപഞ്ചായത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ
1	ദേവദാസൻ . വി
2	കിരൺ. കെ
3	വിനോദ് .വി

കരാറുകാർ മറ്റു സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാ
സഹിതം വിവരം ഓഡിറ്റിനെ അറിയിക്കണം എന്നാവശ്യപ്പെ
അന്വേഷണം നം. 19/12-11-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
1 മുതൽ 3 ഉൾപ്പടെയുള്ള അപാകങ്ങൾക്ക് വിശദീകരണം ആ
ഓഡിറ്റ് അന്വേഷണം നം. 04/11-11-2024 ന് മറുപടി ചുവ
ലഭ്യമാക്കിയിട്ടുണ്ട്

1. തൊഴിൽ നികുതി രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ
ആയതിൻറെ പകർപ്പ് സഹിതം സമർപ്പിക്കുന്നതാണ്
2. തൊഴിൽ നികുതി ഈടാക്കി വിവരം രസീതി സഹിതം സമർ
3. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ തൊഴിലാളികളു
പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ
ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്

1-13 വാടക പിരിവ് പരിശോധനയിൽ കണ്ട അപാകത

വാടക പിരിവ് കാര്യക്ഷമമാണോ എന്ന് വിവിധ രേ
വിലയിരുത്തിയതിന്മേലുള്ള കണ്ട അപാകതകൾ താഴെ ചേർക്ക

1. വാടക അടവാക്കിയതായി കാണുന്നില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ ചേർക്ക
പിരിച്ചെടുക്കാനുള്ളതായി കാണുന്നു.

ക്രമ നം.	പേര്	കെട്ടിട നം.	പ്രതിമാസ വാടക	അടയ്ക്ക മ
1	സുലൈമാൻ, നൂറടിപ്പാലം, പാടഗിരി	11/83	4258	08/2023
2	കുമാരൻ, നൂറടിപ്പാലം, പാടഗിരി	11/88	1401	08/2023
3	ബഷീർ, ലിലി ഡിവിഷൻ നൂറടിപ്പാലം	11/67	5950	09/2023
4	ജോഷി, മരിയ എസ്റ്റേറ്റ്	11/257	4190	04/2023

ഇതേ വാടകക്കാർക്ക് തന്നെയാണ് നിലവിലും കടമുറി അനുവ
വിവരം ലഭ്യമാക്കേണ്ടതാണ്.

2. കടമുറികൾ വാടകക്കു നല്കി വിവരം ലഭ്യമാക്കേണ്ടതാണ

വാടക രജിസ്റ്റർ പ്രകാരം 28 വാടക മുറികളാണ് ഉള്ളത്. ആയ 11/70, 11/82, 11/83 എന്നീ മുറികളും നൂറടിപാലത്തുള്ള 5/297A, 5/2 നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്. ആയതിനാൽ വാടകയി വരുമാനം നഷ്ടമാകുന്നുണ്ട്. കടമുറികൾ വാടകക്കു നല്കി വിവര

3.കെ.എസ്.ഇ.ബി യിൽ നിന്നും വാടക കുടിശ്ശിക ഈടാക്ക

2008-09 വർഷം മുതൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലു പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിന്റെ വാടക (2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള പരിശോധിച്ചതിൽ ചിറ്റൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ട തീയതിയിലെ GB/NLPYGP/2022-23/783 നമ്പർ കത്തിൽ കുടിശ്ശ അപേക്ഷ ഉചിത മാർഗ്ഗേന കേരള സംസ്ഥാന വൈദ്യു സമർപ്പിച്ചതായി അറിയുവാൻ സാധിച്ചു . 10/05/20 400814/TXDC03/GPO/2023/117(1) നമ്പർ കത്ത് പ്രകാരം വാടകയില്ലാ കെട്ടിടത്തിന്റെ വാടക കുടിശ്ശിക അടവാക്കാൻ ചീഫ് എഞ്ചി ഭവൻ, പട്ടം) ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെയായും വാടകയി വാർഷിക കണക്ക് പ്രകാരം വാടക കുടിശിക 15,63,068 രൂപയാണ

4. മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് പാട്ടത്തിനു നല്ക ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ കോമ്പൗണ്ടിനകത്ത് റീ സർവ്വേ നമ്പർ 3 സ്കപയർ ഫീറ്റ് സ്ഥലത്തിൽ ജിയോ ടവർ (Summit Di പ്രവർത്തിക്കുന്നതിന് 13/237 കെട്ടിട നമ്പർ അനുവദിച്ചിട്ട പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തു ആർജ്ജിക്കലും കൈ വ്യവസ്ഥകൾക്കനുസരണമായി മൊബൈൽ ടവറിന്റെ ഉപയോ ടി സ്ഥാപനം പഞ്ചായത്തിന് നൽകേണ്ട വാടക നിശ്ചയിക്കാ സ്ഥലം പാട്ടത്തിനു നല്കിയിട്ടുള്ളത്.

വാടക ഈടാക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച ന ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 1 ചേർക്കുന്നതു പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്

1. വാടക അടവാക്കാത്തത്

1.സുലൈമാൻ - വാടക അടവാക്കുന്നതിനായി 13/06/2023, തീയതികളിൽ ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണെന തുക അടവാക്കിയിട്ടില്ലെന്നും കുടിശ്ശിക തുക ഈടാക്കുന്ന സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്

2.കുമാരൻ - വാടക അടവാക്കുന്നതിനായി 13/06/2023, 02
തീയതികളിൽ ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണെന
തുക അടവാക്കിയിട്ടില്ലെന്നും കുടിശ്ശിക തുക ഈടാക്കുന്
സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്
3.ബഷീർ - വാടക അടവാക്കുന്നതിനായി 22/04/2024 തീയത
നൽകിയിട്ടുള്ളതാണെന്നും നാളിതുവരെ കുടിശ്ശിക തുക അട
തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാ
4.ജോഷി - വാടക അടവാക്കുന്നതിനായി നിരവധി
അടവാക്കാത്തതിനെ തുടർന്ന് കെട്ടിടം പഞ്ചായത്ത് പൂ
ഈടാക്കുന്നതിനായി തുടർ നടപടി സ്വീകരിക്കുമെന്നും അറിയ

2.കടമുറികൾ ഒഴിഞ്ഞു കിടക്കുന്നത്

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 25/07/2022 തീയതിയിലെ
11/69, 11/70, 11/82, 11/83, 5/297A, 5/298A, 5/298B, 5/298C കെട്ടിട
ചെയ്തിട്ടുള്ളതാണ് . 5/297A കെട്ടിടം 15/06/2022 ന് ലേലം ചെയ്തിരുന
25/07/2022 തീയതിയിലെ 4(2) നമ്പർ തീരുമാന പ്രകാരം ലേലം റ
തീരുമാനിച്ചിട്ടുള്ളത്.
11/69, 11/70, 11/82, 11/83, 5/297A, 5/298A, 5/298B, 5/298C നമ്പർ കെട്ടിടങ്ങ
അംഗീകരിച്ചുവെങ്കിലും ലേലം വിളിച്ച ആരും തന്നെ ഗ്രാമപ
വയ്ക്കുകയോ വാടക അടവാക്കുകയോ ചെയ്യുക ഉണ്ടായില്ല. പ
പ്രവർത്തികൾ നടത്താതെയാണ് ലേലം നടത്തിയത് എന്നതിന
ഉപയോഗിച്ചില്ലെന്ന് ലേലം എടുത്ത വ്യക്തികൾ രേഖാമൂല
ഭരണസമിതിയുടെ 09/02/2024 ലെ യോഗത്തിൽ ടി വിഷയ
ചെയ്തെന്നും കെട്ടിടങ്ങളുടെ മെയിന്റനൻസ് നടത്താതെയാ
യോഗം വിലയിരുത്തിയെന്നും 2023-24 വാർഷിക പദ്ധതിയുടെ
ഉടമസ്ഥതയുള്ള വാടക കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി എന്ന പ
പി സി അംഗീകാരം ലഭ്യമായിട്ടുള്ളതാണെന്നും കൂടാതെ ലേല
വയ്ക്കുന്നത് വരെയുള്ള കാലയളവിലെ വാടക ഒഴിവാക്കി നൽ
തീരുമാനിച്ചെന്നും രേഖകളുടെ പകർപ്പുകൾ സഹിതം അറിയി

3.കെ എസ് ഇ ബി യിൽ നിന്നും വാടക കുടിശ്ശിക ഈടാക്ക

2008 - 09 മുതൽ കെ എസ് ഇ ബി കെട്ടിടത്തിന്റെ വാടക കുട
തവണ ആവശ്യപ്പെട്ടപ്പോൾ ടി സ്ഥാപനം നെല്ലിയാമ്പതി
തുടങ്ങിയത് പൊതുജന താൽപര്യം മുൻനിർത്തിയാണെ
സ്ഥാപനങ്ങൾ സ്വന്തമായി കെട്ടിടം നൽകുകയോ അല്ലെങ്കി
കണ്ടുപിടിച്ചു അതിന്റെ വാടക പഞ്ചായത്ത് നൽകു

സെക്ഷനോഫീസുകൾ ആരംഭിക്കും എന്ന നയത്തിന്റെ
ഗ്രാമപഞ്ചായത്ത് സൗജന്യമായി കെട്ടിടം അനുവ
സെക്ഷനോഫീസിന്റെ പ്രവർത്തനം 2003 ൽ ആരംഭിച്ചതെന്നു
എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുള്ളത്.
കെ എസ് ഈ ബി ഓഫീസിൽ നിന്നും 18/04/2018 തീയതിയിലെ
കുടിശ്ശിക തീർപ്പാക്കുന്നതിനായി മേലധികാരിയുടെ സമക്ഷ
പുതിയ വാടക കരാർ ഉണ്ടാക്കുവാൻ സന്നദ്ധമാണെന്നും അറിയ
ചിറ്റൂർ ഇലക്ട്രിക്കൽ സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറു
15/06/2020 തീയതിയിലെ GB/Fixation Of Rent Nelliyampathy/2019-2
നെല്ലിയാമ്പതി ഇലക്ട്രിക്കൽ സെക്ഷൻ കാര്യാലയത്തിന്റെ
രൂപ മാസ വാടകയായി നൽകുന്നതിനുള്ള അനുമതിക്കാ
സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർക്ക് നൽകിയിട്ടുള്ള കത
എന്നാൽ നാളിതുവരെ കെ എസ് ഇ ബി ഓഫീസ് പ
വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും കുടിശ്ശിക
19.12.2022 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് വീ
അറിയിച്ചിട്ടുണ്ട്.
തുടർന്ന് കെ എസ് ഇ ബി എക്സിക്യൂട്ടീവ് എഞ്ചിനീയറും നെ
സെക്രട്ടറിയും ചേർന്ന് 11.01.2022 തീയതി പഞ്ചായത്ത് ഹാളി
ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക അട
സമർപ്പിക്കുന്നതിനായി ബോർഡിന് കത്ത് അയക്കുന്
എഞ്ചിനിയർ യോഗത്തെ അറിയിച്ചെന്നും മറുപടി നൽകിയിട്ടു
ഇതിന്റെ അടിസ്ഥാനത്തിൽ 23.01.2023 തീയതിയിൽ വ
തീർപ്പിലേക്കായി അപേക്ഷ ഉചിതമാർഗേന ബോർഡിലേ
ശിപാർശയോടെ സമർപ്പിച്ചിട്ടുണ്ടെന്നും കാലതാമസം ക
ഏർപ്പെടുന്നതിനുള്ള തീരുമാനം പഞ്ചായത്തിനെ അറിയ
ലഭിച്ചിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ കുടിശ്ശിക അ
സ്വീകരിച്ചിട്ടില്ലെന്നും ഇത് കൂടാതെ പ്രസിഡന്റ് മുഖാന്തിരം ബ
ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയ്ക്കും, ബഹു. വൈദ്
കത്ത് നൽകിയെന്നും അറിയിച്ചിട്ടുണ്ട്.
കെ എസ് ഇ ബി ചീഫ് എഞ്ചിനീയറുടെ 02/08/2024 തീയതിയിലെ
ബി യുടെ ഉടമസ്ഥതയിലുള്ള നെല്ലിയാമ്പതി സബ് സ്റ്റേ
നിർമിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചു
ലഭിച്ചിട്ടുള്ളതെന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള
വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

4.മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് പാട്ടത്തിനു നൽക

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 37/ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് SUMMIT DIGITAL INFRASTRUCTURE PI സ്ഥാപനം 30.85 ച.മീ. വിസ്തീർണത്തിൽ 04.10.2021 തീയതി A2-B പ്രകാരം മൊബൈൽ ടവർ സ്ഥാപിക്കുകയും ആയത് പ്രകാരം 3 നമ്പർ അനുവദിക്കുകയും വസ്തു നികുതി ഇനത്തിൽ 19436 രൂപ ഉ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 17.01.2023 തീയതിയി റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓ തീയതിയിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതി ഉടമസ്ഥതയിലുള്ള സ്ഥലം നടപടി ക്രമങ്ങൾ പാലിക്കാതെ ന കത്ത് ലഭിച്ചെന്ന് അറിയിച്ചിട്ടുണ്ട്.

21.03.2023 തീയതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ തീ തീരുമാന പ്രകാരം ജിയോ ടവറിന് വാടക ഈടാക്കുന്നതി സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനം എടുത്ത് കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തു ആർജിക്കലും കയ്യേ പഞ്ചായത്ത് കോമ്പൗണ്ടിനകത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തു ഉപയോഗത്തിന് 20 വർഷത്തേക്ക് പാട്ടത്തിന് നൽകിയത നിശ്ചയിക്കുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ് സ്ഥലത്തിനുള്ള ഉപയോഗത്തിന് വാടക എപ്രകാരമാണ് ഈട നൽകുന്നതിന് ഡി ഡി പി ഓഫീസിലേക്ക് കത്ത് നല്കിയിട്ടുള്ളത ഓഫീസിൽ ചെല്ലുകയും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന 400814/TXDC03/GPO/2023/198(2) ന്റെ നിജസ്ഥിതി അന്വേഷണം നട യുടെ നിർദ്ദേശാനുസരണം ടി ഓഫീസിലെ ജൂനിയർ സൂപ്രണ ഉദ്യോഗസ്ഥരെ നേരിൽ സമീപിക്കുകയും സ്ഥാപനം ആയതി വില കണക്കാക്കി വാടക നിശ്ചയിക്കുന്നതിന് തഹസിൽദാ നാളിതുവരെ യാതൊരു വിധ മറുപടിയും ലഭ്യമായിട്ടില്ലാത്തത വിലയും വാടകയും കണക്കാക്കുന്നതിന് വീണ്ടും തഹസി നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

സ്ഥലത്തിന്റെ മതിപ്പ് വില കണക്കാക്കി നൽകുന്നതിന് തഹസ നൽകിയിരുന്നുവെങ്കിലും നാളിതുവരെയായി യാതൊരു സ്വീകരിച്ചതായി കാണുന്നില്ലെന്നും അതിനാൽ പ്രസ്തുത ഡയറക്ടറുടെ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്തി തഹസിൽദാർക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ല വാടകയിനത്തിൽ വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ ന

1-14 ഇ-ടെണ്ടർ വരവ് ഗ്രാമപഞ്ചായത്തിന്റെ മുതൽക്ക

അസി. എൻജിനീയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ട ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണ ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂട വരുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടി നിഷ്ക്കർഷിച്ചിട്ടുണ്ട്. നാളിതുവരെ വരവ് വന്ന ഇ-ടെണ്ടർ തനതുഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കെ

ബാങ്ക്	അക്കൗണ്ട് നമ്പർ	1
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, നെന്മാറ	37233139343	1,83,4

മേൽ സൂചിപ്പിച്ച അക്കൌണ്ടിലെ ബാലൻസ് തുകയിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് ഒടുക്ക് അറിയിക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത മുതൽക്കൂട്ടാമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ അറ

1-15 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്- ഗുണഭോ വകയിരുത്തിയിട്ടില്ല

പ്രോജക്ട്	68/24 പട്ടികജാതിക്കാർക വാട്ടർ ടാങ്ക്
അടങ്കൽ	150000 വികസനഫണ്ട് എസ്.സി.പി
ചെലവ്	44532 രൂപ
സപ്ലെയർ	SOUTH IN POLYMERS Kuzhalmannam, Palakkad
ഇൻവോയ്സ്	SIP 3347/24.02.24-23093 (7No SIP 3697/19.03.24-36289 (11 N ആകെ 59382 രൂപ
ബിൽ നം.തീയതി	04/18.03.24-17318 രൂപ, 07/23.03.24-27214 രൂപ ആ 44532 രൂപ

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി
പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ എന്ന പ്രോജ
വകയിരുത്തിയിട്ടില്ല
സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരമുള്
ഖണ്ഡിക 6.6 ക്രമ നം.5 പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾ
75% തുക മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത്. 25% തുക
ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതാണെന്നും വ്യക
മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി
വകയിരുത്താതെയാണ് പ്രോജക്ട് രൂപീകരിച്ചത്.

Gem മുഖാന്തിരം ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് (
SOUTH IN POLYMERS Kuzhalmannam, Palakkad എന്ന സ്ഥാപനത്തിൽന്
വാങ്ങി, വിതരണം ചെയ്തിട്ടുണ്ട്. വാട്ടർ ടാങ്കിന്റെ സബ്സിഡി വിഹ
ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. 10 പേരിൽനിന്ന് 1100 രൂപവീതം
വീതവും ആകെ 17600 രൂപ വാട്ടർ ടാങ്കിന്റെ ഗുണഭോക്തൃവിഹ
ഈടാക്കിയിട്ടുണ്ട്. 14850 രൂപ ഗുണഭോക്തൃവിഹിതം സപ്ലെയർക
ഗുണഭോക്താക്കൾക്ക് അധികം ഈടാക്കിയ ഗുണഭോക്തൃ വിഹ
നൽകിയിട്ടുണ്ട്

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക
നിർവ്വഹണ സമയത്താണ് അപാകത ശ്രദ്ധയിൽപ്പെട്ടതെ
ഈടാക്കുകയും ആയത് സപ്ലെയർക്ക് ചെക്ക് മുഖാന്തിരം നൽക
നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോ
രൂപീകരിക്കേണ്ടതാണ്.

1-16 സംയുക്ത പ്രോജക്ട് തുകകൾ വകമാറ്റി ചെലവഴിച്ച തുകകൾ അവശേഷിക്കുന്നു.

സംയുക്ത പ്രോജക്ടുകൾക്കായി 2018-19 വർഷത്തിൽ നെന്മാറ ബ്ലോ
ലഭിച്ച തുകകൾ വകമാറ്റി ചെലവഴിച്ചതായി 2020-21 വർഷത്തെ
15 ൽ പരാമർശമുണ്ട്. എന്നാൽ 2023-24 വർഷത്തെ ബാലൻസ് ഷീ
നീക്കിയിരുപ്പിൽ ഉൾപ്പെട്ടതായി കാണുന്നു. വിശദവിവരം ചുവ

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെല

	വർഷം			
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2018-19	1500000	കുട്ടികളുടെ പാർക്ക്	0
നെന്മാറ ബ്ലോക്ക് പഞ്ചായത്ത്	2018-19	1200000	പാർക്ക് ഖരമാലിന്യ സംസ്കരണം	0

നീക്കിയിരിപ്പിൽ യഥാർത്ഥത്തിൽ പ്രസ്തുത തുകകൾ അവ
നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാ
അന്വേഷണത്തിന് (നം.12/12.11.2024) മുൻവർഷങ്ങളിലെ ട്രഷറി
നടത്തിയതിൽ 20.05.2020 ന് സംയുക്ത പദ്ധതികൾക്കുള്ള അ
ഗ്രാമപഞ്ചായത്തിലെ LGTSB അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്
ചെയ്തതായും കാണുന്നു എന്നും, അടുത്ത വർഷത്തെ വ
തയ്യാറാക്കുമ്പോൾ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി

വിവിധ പ്രോജക്ടുകൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്
ആവശ്യത്തിനു തന്നെ വിനിയോഗിക്കേണ്ടതും ലഭിക്കുന്ന തുക
ഒഴിവാക്കേണ്ടതുമാണ്.

1-17 ലൈഫ് ഭവന നിർമ്മാണ പദ്ധതി- വായ്പയെടുക്കാ തുക കുറവ് ചെയ്തിരിക്കുന്നു

ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി നെല്ലിയാമ്പതി ഗ്ര
KURDFC വായ്പ എടുത്തിട്ടില്ല (ബി-5 പ്രകാരം വായ്പാ തിരിച്ചട
എന്നാൽ 2023-24 വർഷത്തെ പദ്ധതി ചെലവ് രേഖകളുടെ
ടി.എസ്.ടി ഫണ്ടുകൾ അനുവദിച്ചിട്ടുള്ളത് വായ്പാ തിരിച്ചടവി
സ്രോതസ്സിൽനിന്നും കുറവു ചെയ്തതിനുശേഷമാണെന്ന് ബ
ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥ
പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ	വിഭാഗം	സ്രോതസ്സ് കുറവു ച
1	246/24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്	ടി.എസ്.പി	455691

2	250/24 ലൈഫ് മിഷന്റ വായ്പ മുതൽ തിരിച്ചടവ്	ടി.എസ്.പി	455691
3	253/24 ലൈഫ് മിഷന്റ വായ്പ മുതൽ തിരിച്ചടവ്	ടി.എസ്.പി	455692
4	252/24 ലൈഫ് മിഷന്റ വായ്പ മുതൽ തിരിച്ചടവ്	എസ്.സി.പി	13949
5	247/24 ലൈഫ് മിഷന്റ വായ്പ മുതൽ തിരിച്ചടവ്	എസ്.സി.പി	13950
6	249/24 ലൈഫ് മിഷന്റ വായ്പ മുതൽ തിരിച്ചടവ്	എസ്.സി.പി	13950
ആകെ			**1408923**

പഞ്ചായത്ത് ഹഡ്ക്കോ ലോൺ എടുക്കാതിരുന്നിട്ടും 1408923 രൂ സ്രോതസ്സിൽ നിന്നും കുറവു ചെയ്തത് ക്രമപ്രകരമല്ല. മേര ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയി അന്വേഷണം നം.08/11.11.2024 നുള്ള മറുപടിയിൽ വായ്പായിന പിടിച്ച തുക തിരികെ അനുവദിച്ചു തരണമെന്നാവശ്യപ്പെട്ടു സെക്രട്ടറിക്ക്(ധനകാര്യം) കത്ത് നൽകുന്നതാണെന്ന് തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-18 എ.ബി.സി പദ്ധതി വിഹിതം നൽകൽ വിനിയോഗ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട്	22/2024 എ.ബി.സ പദ്ധതി
അടങ്കൽ	350000 രൂപ തനത ഫണ്ട്
ചെലവ്	350000 രൂപ
ബിൽ നം.തീയതി	46/20.02.2024-3500

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പാലക്കാട് ജില്ലാ പഞ്ചായത്തും, ജില്ലയിലെ മറ്റു ഗ്രാമപഞ്ച സംയുക്തമായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതി യുടെ നട ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 350000 രൂപ പാല സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് (അക്കൌണ്ട് നം. 7990 നൽകിയിട്ടുണ്ട്.
തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എ വകയിരുത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറ ഒന്നിന്, മൃഗസംരക്ഷണ വകുപ്പ് കണക്കാക്കിയ നിരക്ക് മരുന്നി നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒ 300 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിന്റെ പ്രതിഫലം ആകെ പരിധിയിലുള്ള *തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നി നടപടികളുടെ വിശദമായ വിനിയോഗ സാക്ഷപത്രം പരിശോ നൽകിയ* ഓഡിറ്റ് എൻകൗയറിക്ക് (നം.09/11.11.2024) വിനിയോഗ പാലക്കാട് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെ വിനിയോഗ സാക്ഷപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

1-19 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ ഡെ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചു

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/വൗച്ചർ നമ്പർ
മൈനർ ഇറിഗേഷൻ പാലക്കാട്	244/24 നൂറടി പുഴ സംരക്ഷണം (അടങ്കൽ 3000000 CFC ഗ്രാന്റ)	22300505/31.03.20

PFMS വഴി മൈനർ ഇറിഗേഷൻ എക്സിക്യുട്ടീവ് എഞ്ചിനിയറുടെ മാത്രമേ നൽകിയിട്ടുള്ളു (അക്കൌണ്ട് നം. 34720494963, IFSC SBI ഉദ്യോഗസ്ഥന്റെ ചെലവ് പത്രികയിലും, വൌച്ചർ പ്രകാരവും 3 ആയതിന് വിശദീകരണം *ലഭ്യമാക്കുന്നതിന് നൽകിയ*

(നം.16/12.11.2024) ഇ- ഗ്രാം സ്വരാജ് പോർട്ടലിൽ അസെറ്റ് പ്രോജക്ടുകൾക്ക് 90% തുക നൽകുന്നതിനേ കഴിയുകയുള്ളു എ ജിയോ ടാഗിംഗ് നടത്തിയാൽ മാത്രമേ ബാക്കി തുക നൽകുന്ന വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് പ്രസ്തുത സ്ഥാപനത്ത മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റി

ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം പ ലഭ്യമാക്കേണ്ടതാണ്.

1-20 ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങ

പ്രൊജക്ട് നം., പേര്	2/24, ആയുർവേദ ഡിസ്പെ മരുന്ന് വാങ്ങൽ
നിർവഹണം	മെഡിക്കൽ ഓഫീസർ - ആ
അടങ്കൽ	₹300000 (വികസന ഫണ്ട് - ജ
ചെലവ്	₹300000
ബിൽ നം./ തീയതി/തുക	3/20-03-24/300000

ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോ പ്രൊഫോർമ ഇൻവോയിസ് നം.179114/29-3-23 പ്രകാരം 3 നൽകിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ലഭ്യമായിട്ടുണ്ട് എന്നു ബോധ്യപ്പെട്ടു.

ഔഷധിയിൽ നിന്നും ലഭ്യമായ മരുന്നുകളുടെ ഇൻവോയിസ് ചേർക്കുന്നു

ക്രമ നം.	ഇൻവോയിസ് നം./തീയതി
1	90296480/29-3-23
2	90298552/31-3-23
3	90341322/31-3-24
4	90341898/7-5-24
5	90344201/28-5-24
	ആകെ

പദ്ധതികളുടെ ചെലവു രേഖകൾ, സ്റ്റോക്ക് വിവരങ്ങൾ എന്നിവ അപാകതകൾ താഴെ ചേർക്കുന്നു.

എ) ഔഷധിയ്ക്കു നൽകിയ 3 ലക്ഷം രൂപയിൽ അവശേഷിക്ക ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാ സ്റ്റോക്ക് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

ബി) സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ പട്ടിക ഇൻവോയിസ് നം.90341322/31-3-24 പ്രകാരം രേഖപ്പെടുത്തിയ മ മരുന്നുകൾ ഷോർട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് ര ഷോർട്ടായ മരുന്നുകൾ പിന്നീട് ലഭ്യമായിട്ടുള്ളതായി കാണുന്ന് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	മരുന്ന്	അളവ് (എണ്ണം)	ന
1	Rasothamadilepam 50G	27	2
2	Vaiswanara Choornam 50G	24 (24 -ൽ 16 എണ്ണം ലഭ്യമായിട്ടില്ല)	3
3	Rheumajith Ointment 10G	25	2
4	Sahacharadi Thylam 450ML	23	2

മരുന്നുകൾ പിന്നീട് ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റ ലഭ്യമാക്കേണ്ടതാണ്

സി) ഇൻവോയിസ് നം.90341322/31-3-24 – ലെ ക്രമ നം.55 പ്രകാരം 29 ബോട്ടിൽ ലഭ്യമായിട്ടുണ്ടെങ്കിലും 22 എണ്ണം മാത്രമാണ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡ 11-2024)– ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹ വിവരം നല്കേണ്ടതാണ്.

1-21 ആവർത്തന ചെലവുകൾ - പദ്ധതി ചെലവു രേഖക

പ്രൊജക്ട് നം., പേര്	50/24, ആവർത്തന ചെലവുകൾ

നിർവഹണം	മെഡിക്കൽ ഓഫീസ ആയുർവേദം
അടങ്കൽ	₹50000 (മെയിന്റനൻ നോൺ റോഡ്)
ചെലവ്	₹4174
ബിൽ നം./ തീയതി/തുക	1/27-9-23/1478 2/16-10-23/2696

മേൽ പദ്ധതി പ്രകാരം 4174 രൂപയുടെ ചെലവുണ്ടെങ്കിലും വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ട്ര ബില്ലുകൾ പ്രകാരമുള്ള തുകകൾ 27-9-23, 27-10-23 തീയതിക ബുക്കിൽ ചേർത്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെ ചേർത്തിട്ടില്ല. 23-8-24 നും 7-3-24 നും ഇടയിൽ ട്രാൻസാക്ഷൻ ഇ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പദ്ധതി പ്രകാരമുള്ള ക ചെലവഴിച്ചു എന്നു വ്യക്തമായിട്ടില്ല. ഓഡിറ്റ് അന്വേഷണം ന ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കാത്ത സാഹചര്യ ചെയ്തത് തടസ്സപ്പെടുത്തുന്നു.

1-22 കാലാവധി കഴിഞ്ഞതിനാൽ ലക്ഷങ്ങൾ വിലയുള്ള മരുന്നുകൾ ഉപയോഗശൂന്യമായി

പ്രൊജക്ട് നം., പേര്	208/24, ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നും അനുബന്ധ സാമഗ്രികളും
അടങ്കൽ	₹100000 (വികസന ഫണ്ട് - ജന
ചെലവ്	₹100000
ബിൽ നം./ തീയതി/ തുക	3/26-02-24/100000

ഹോംകോയിൽ നിന്നും താഴെ ചേർക്കുന്ന ഇൻവോയിസ ലഭ്യമായിട്ടുണ്ട്

ഇൻവോയിസ് നം.

1) LF-337/06-06-24/58824

2) LF-679/18-07-24/41176

മരുന്നുകളുടെ സ്റ്റോക്കു പരിശോധിച്ചപ്പോൾ സ്റ്റോക്ക് രജിസ്റ്റർ വോള്യം VII (OILS & OILMENTS) എന്നിവയിൽ 2023-24 മുൻബാക്കിയുണ്ടായിരുന്ന ഭൂരിഭാഗം മരുന്നുകളും കാല എക്സ്പയറി രജിസ്റ്ററിലേയ്ക്ക് മാറ്റിയിട്ടുള്ളതായി കണ്ടു. ഏത ചേർക്കുന്നു.

ക്രമ നം.	ഇനം	അ
1	CAMPHOR OIL	168*1
2	CALENDULA OINT	264*1
3	THUJA OINT	276*1
4	HYPERICUM PERFORATUM	8*100
5	BRAHMI	10*10

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ ചേർത ഹാജരാക്കുന്നതിന് ആവശ്യപ്പെടുകയും പരിശോധിക്കുകയു മരുന്നുകൾ ഇപ്രകാരം ഉപയോഗ ശൂന്യമായതായി ബോധ്യപ്പെട്ട കാലാവധി അവസാനിക്കുകയും ഉപയോഗശൂന്യമാകുവാ അറിയിക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (ന ഇപ്രകാരമാണ്, 2018 – ൽ പുതിയതായി അനുവദിച്ച ഡിസ്പെ വകുപ്പ് നേരിട്ട് 6 ലക്ഷത്തോളം രൂപയുടെ മരുന്ന് അനുവദ മേഖലയായതിനാലും യാത്രാ സൗകര്യം കുറവായതിനാലും കുറവുള്ള ഡിസ്പെൻസറിയായതിനാലും കു ഉപയോഗിക്കുകയുണ്ടായില്ല. ഹോമിയോപ്പതി വകുപ്പിന്റെ ഡിസ്പൻസറികളിലേയ്ക്ക് കൈമാറിയിരുന്നെങ്കിൽ ഇത്രയധ ശൂന്യമാകുമായിരുന്നില്ല. ആവശ്യകതയ്ക്കനുസരിച്ച് മാത്രം മര ശ്രദ്ധിക്കേണ്ടതാണ്.

1-23 വീട് വാസയോഗ്യമാക്കൽ - പൂർത്തീകരണ വിവര

പ്രോജക്ട്	83/24 - (വീട് വാസയോഗ്യമാക്കൽ-ജനറൽ) - സ്പിൽ ഓവർ
നിർവഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

അടങ്കൽ	3400000 (വികസന ഫണ്ട് -ജനറൽ)
ചെലവ്	1300000
ബിൽ നം./ തീയതി, തുക	31/21-11-23/800000 46/30-1-24/100000 47/1-2-24/100000 52/24-2-24/100000 57/20-3-24/100000 58/25-3-24/100000

വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഭാഗമായി ജന ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം മേൽ ആനുകൂല്യം ര കരാറിലേർപ്പെട്ടു വീടു വാസയോഗ്യമാക്കൽ പൂർത്തിയാക്ക് രണ്ടാം ഗഡുവും 2023-24 വർഷം കരാറിലേർപ്പെട്ട 7 പേരുടെ ര ആയും അനുവദിച്ചിട്ടുണ്ട്. മുൻകൂർ നൽകിയവരുടെ വിശദാംശ

1) കുമാരൻ.എം, നൂറടി പാലം

2) രംഗസ്വാമി, നൂറടിപാലം

3) തങ്കം, പോത്തുപാറ

4) ശാന്ത, പാടഗിരി

5) ലിസി, പാടഗിരി

6) ബാലൻ, പാടഗിരി

7) മാധവി, പാടഗിരി

സ.ഉ(കൈ) നം.115/22/തസ്വഭവ തീയതി.28.05.22 സബ്സിഡി മാർഗ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും 2ലക്ഷം രൂ മൂല്യനിർണ്ണയം ഓവർസിയർ, എഞ്ചിനീയറിംഗ് വിഭാഗവും മുകളിലുള്ളവയുടെ അസി.എഞ്ചിനീയറും നടത്തേണ്ടതാണ് (ര നിബന്ധനകൾ 2.9). മുൻകൂർ കൈപ്പറ്റിയ മേൽ വാസയോഗ്യമാക്കൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്ത നൽകേണ്ടതും മേൽ പരാമർശിച്ച പ്രകാരം മൂല്യ നിർണ ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്. ഓഡിറ്റ് അന്വേഷ മറുപടിയിൽ കുമാരൻ, തങ്കം, ശാന്ത എന്നിവരു പൂർത്തിയായിട്ടുള്ളതായും മറ്റുള്ളവരുടെ പുരോഗമിക്കുന്നതായ അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ വിവരം രേഖകൾ സഹിതം ലഭ

1-24 പൊതുമരാമത്ത് പ്രവർത്തികൾ ഇൻഷൂർ ചെയ്യുക ഈടാക്കുകയോ ചെയ്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ സൂച പ്രർവൃത്തികൾ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കാതെ നടത്തിയിരിക്കുന്നു. PRIICE-3 Software നിന്ന് ലഭ്യമാകുന്ന Lette നോട്ടീസ്) വ്യവസ്ഥ 6 പ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാ പ്രവർത്തികളും 200000/-രൂപയിൽ കുറയാത്ത തുകയ്ക്ക് എടുക്കണമെന്നും പ്രവർത്തി തുടങ്ങി പതിനഞ്ച് ദിവസ്സത്തിന സമർപ്പിക്കണമെന്നും ഇൻഷൂറൻസ് പരിരക്ഷ എടുക്കാത്തപം 0.2% പിഴ ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെ ഇൻഷൂറൻസ് പരിരക്ഷ എടുക്കുകയോ പിഴ ഈടാക്കുകയോ ചുവടെ കൊടുക്കുന്നു.

ക്രമനം	പ്രവർത്തി	കരാറുകാരൻ	കോൺട്രതുക
1	113/2024-കല്ലുപ്പാടി-ഡ്രൈനേജ് നിർമ്മാണം	ദേവദാസൻ.വി	286210
2	143/24-കൈരളി എസ്റ്റേറ്റ് ലക്കോട് ഡ്രൈനേജ്	ദേവദാസൻ.വി	194932
3	95/24-കൊട്ടയങ്ങാടി 4 നമ്പർപാടി ഐറിഷ് ഡ്രൈനേജ് വാർഡ് 4	ദേവദാസൻ.വി	288542
4	109/24-കാരപ്പാറ എ ഡ്രൈനേജ് വാർഡ് 9	ദേവദാസൻ.വി	186229
5	135/2024-പൂത്തുണ്ട് മുതൽ പോളച്ചിറയ്ക്കൽ	ദേവദാസൻ.വി	331589

	സ്ക്കൂൾ വരെ റോഡ് മെയിന്റനൻസ്		
6	106/24-പഞ്ചായത്ത് ബിൽഡിംഗിന് ചുറ്റും ഷീറ്റ് ഇടൽ	ദേവദാസൻ.വി	328403
7	142/24-13ം വാർഡ് ഏലം സ്റ്റോർ കുടിവെള്ള പദ്ധതി	കിരൺ.കെ	500000
8	104/24-മേൽപ്പാടി പുതിയ വാട്ടർടാങ്ക് പൈപ്പ് ലൈൻ നീട്ടലും ടാപ്പുകൾ സ്ഥാപിക്കലും	കിരൺ.കെ	84615
9	122/24-പോത്തുപ്പാറ സ്ക്കൂൾപാടി റോഡ് അറ്റകുറ്റപണി വാർഡ്-11	ദേവദാസൻ.വി	225254
10	128/24-കൂനംപാലം പൊതുശ്മശാനം റോഡ് നിർമ്മാണം-വാർഡ്-12	ഉണ്ണികൃഷ്ണൻ.കെ	338250
11	91/24-ഹാജിറപാടിയുടെ പുറകുവശത്തുള്ള ഡ്രൈനേജ് അറ്റകുറ്റപണി-വാർഡ്-12	ഉണ്ണികൃഷ്ണൻ.കെ	102081

12	117/24-കൊട്ടയങ്ങാടി 3 നമ്പർ പാടി ഐറിഷ് ഡ്രൈൻ-വാർഡ് 4	ശിവദാസൻ	278163
13	96/24- ഊത്തുക്കുഴി റോഡ് പൂർത്തീകരണം വാർഡ്-1	ശിവദാസൻ	232416
14	134/24-ചന്ദ്രാമല 6 നമ്പർപാടി ഡ്രൈനേജ് നവീകരണം	ദേവദാസൻ.വി	279179
15	93/24-മീരഫ്ലോറസ് കുടിവെള്ള പദ്ധതി വാർഡ്-6	കിരൺ.കെ	513094
16	136/24-ചന്ദ്രാമല മദ്രസ റോഡ് നവീകരണം വാർഡ് 5	ദേവദാസൻ.വി	495180
17	116/24-13ം വാർഡ് ഫാക്കറി കുടിവെള്ള പദ്ധതി	കിരൺ.കെ	750000
ആകെ			

മേൽ സൂചിപ്പിച്ച വിഷയത്തിന് വ്യക്തമായ വിശദീകരണം ന നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/11.11.24) ലഭിച്ച മറുപടി എടുക്കാത്ത കരാറുകാരനിൽ നിന്നും പിഴ അടയ്ക്കുവാനുള കത്ത് നല്കാമെന്ന മറുപടിയാണ് ലഭ്യമായിട്ടുള്ളത്. നിർദ്ദേശിക്കുന്ന പ്രകാരം പ്രവൃത്തികൾ നടപ്പ് ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്.

1-25 ലൈഫ് മിഷൻ ഭവന നിർമ്മാണം - ടി.എസ്.പി

പ്രൊജക്ട് നം.	29/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ
അടങ്കൽ	26270169 (15470169 - വികസന ഫണ്ട് ജനറൽ, 1800000/- വികസന ഫണ്ട്- ടി.എസ്.പി, 90,000(സംസ്ഥാനാവിഷ്കൃത ഫ
ചെലവ്	15650000 (15470000 - വികസന ഫണ്ട് ജനറൽ, 180000/- വികസന ഫണ്ട്- ടി.എസ്.പി)

ഭവന നിർമ്മാണം ആരംഭിച്ച് ഒരു ഗഡു മാത്രം കൈപ്പറ്റിയിട്ടു ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	നൽകിയ തുക	നര
1	ലീല, പോത്തുമല	90000/14-7-23	5100
2	മണികണ്ഠൻ, പുല്ലുകാട്	90000/21-2-24	5100
3	മണികണ്ഠൻ, മണലാരൂ എസ്റ്റേറ്റ്	90000/12-1-24	5100

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം നിലവിലെ സ്ഥി നൽകിയ ഓഡിറ്റ് അന്വഷണത്തിന്റെ മറുപടിയിൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം നിലവിൽ ആരംഭ് ആരംഭിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട് എന്നും അറിയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-26 ടേക്ക് എ ബ്രേക്ക് കെട്ടിടം -ഉത്തരവിലെ നിർദ്ദേശം

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ.,തിയതി, 20-2-2020, .സ.ഉ(കൈ)(6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്ലറ്റുകളു 'പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർ

